# കൂനഞ്ചേരി എ എൽ പി സ്കൂൾ

# മാസ്റ്റർ പ്ലാൻ

## വിഷൻ 2025



# ആമുഖം

99 വർഷങ്ങൾക്കു മുമ്പ് കുറ്റിയരികണ്ടി തറവാട്ടിലെ കാരണവരായിരുന്ന കേളുക്കുട്ടി നമ്പ്യാർ ഈ വിദ്യാലയം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഒരു എഴുത്ത് പള്ളി സ്ഥാപിച്ചു. ശ്രീ കേളുക്കുട്ടി എന്ന ആളായിരുന്നു എഴുത്തച്ഛൻ. 1928 ൽ കുറ്റിയരികണ്ടി കേളുക്കുട്ടി നമ്പ്യാരുടെ സഹോദരി ഭർത്താവും കോക്കല്ലൂർ സർക്കാർ സ്കൂളിലെ അധ്യാപകനും പ്രഗത്ഭനുമായിരുന്ന ശ്രീ പാലോളി ഉണ്ണീരിക്കുട്ടി നായരുടെ പരിശ്രമ ഫലമായി 1932 ൽ കൂനഞ്ചേരി എ എൽ പി സ്കൂളിന് താൽക്കാലിക അംഗീകാരം കിട്ടി.

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ വാർഡ് 16 ൽ ആണ് കൂനഞ്ചേരി എ.എൽപി സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1928 ൽ സ്ഥാപിതമായ ഈ സ്ഥാപനത്തിന്റെ പ്രഥമ മാനേജർ ശ്രീ കേളുക്കുട്ടി നമ്പ്യാരും പ്രധാന അധ്യാപകൻ പാറ പുതുക്കുടി ശ്രീ ശങ്കരൻ നായരും ആയിരുന്നു. ആദ്യകാലത്ത് അഞ്ചാം ക്ലാസ് വരെ ഇവിടെ പ്രവർത്തിച്ചിരുന്നു.

1972 മുതൽ ക്ലാസ്സ് 4 വരെയുള്ള വിദ്യാലയമായി മാറി ഇപ്പോൾ നിലവിൽ 1 ഹെഡ്മിസ്ട്രസ്സും 3 സഹാധ്യാപകരും 1 അറബിക് ടീച്ചറും സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. ഇപ്പോൾ നിലവിൽ ശ്രീ പി സുരേഷ് കുമാർ ആണ് സ്കൂൾ മാനേജർ. സ്ഥാപനത്തിൽ 1 മുതൽ 4 വരെയുള്ള ക്ലാസിനോടൊപ്പം എൽ കെ. ജി യും പ്രവർത്തിച്ചുവരുന്നു. ഈ വർഷം പ്രീ കെ. ഇ. ആർ കെട്ടിടം പൊളിച്ചുമാറ്റി ഒരു ഇരുനില കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. അതിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പ്രവർത്തനം നടന്നു വരികയാണ്.

# പൊതുലക്ഷ്യങ്ങൾ

* സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ആസൂത്രണങ്ങൾ.
* സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക.
* ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക
* ഓരോ ഘട്ടം പൂർത്തിയാക്കുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷാകർത്താക്കൾ അടക്കമുള്ള സമൂഹത്തെ അറിയിക്കും.
* കുട്ടികളുടെ സർഗ്ഗപരവും അക്കാദമിക പരവും കായികപരവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച മത്സരങ്ങളിൽ പങ്കെടുപ്പിക്കാൻ പ്രാപ്തരാക്കും.
* എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷകൾ എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പുവരുത്തും.
* പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* കാർഷിക സംസ്കാരം കുട്ടികളിൽ വളർത്തിയെടുക്കുന്നു.
* മാലിന്യ സംസ്കരണം ഒരു സംസ്കാരമായി വളർത്തിയെടുക്കുന്നു.
* പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേകം പരിഗണനകൾ നൽകി മുഖ്യധാരയിൽ എത്തിക്കുന്നു.
* ഐ ടി അധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നു.
* ലൈബ്രറി, ലബോറട്ടറി ആധുനികവത്ക്കരിക്കുന്നു.
* കുട്ടികൾക്കും രക്ഷിതാക്കൾക്കും വ്യക്തിത്വ വികസന കൗൺസിലിംഗ് ക്ലാസ്സ് സംഘടിപ്പിക്കുന്നു.
* ഇംഗ്ലീഷ് ഭാഷാ പ്രാവണ്യം ഉൾപ്പെടെ വിദ്യാർഥികളുടെ ആശയവിനിമയശേഷിയും ജീവിത നൈപുണികളും വികസിപ്പിക്കുന്നു.
* ടാലന്റ് ലാബ് യാഥാർത്ഥ്യമാക്കുന്നതിന്.
* ജനാധിപത്യ ശീലങ്ങൾ സ്വായത്തമാക്കുന്നതിന് ( നേതൃശേഷി, അച്ചടക്കം, പരസ്പര ബഹുമാനം, ഐക്യം)

## സ്കൂൾ അഭിമുഖീകരിക്കുന്ന പ്രശ്നം

* എല്ലാ കുട്ടികളെയും എഴുത്തിലും വായനയിലും ചതുഷ്ക്രിയകളിലും ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിലും ഉയർന്ന നിലവാരത്തിൽ എത്തിക്കാൻ കഴിഞ്ഞിട്ടില്ല.
* കലാകായിക പ്രവർത്തി പരിചയമേളയിൽ മുന്നേറാൻ കഴിയുന്നില്ല.

## പരിമിതികൾ

* വർക്ക് ഷീറ്റ്, ഹാൻഡ് ബുക്ക് എന്നിവ ലഭ്യമല്ലാത്തതിനാൽ ഉള്ള പ്രയാസം.
* കലാകായിക പ്രവർത്തി പരിചയത്തിൽ പരിശീലനം ലഭിച്ച അധ്യാപകരുടെ അഭാവം.
* മുഴുവൻ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ്സ് റൂം ആയിട്ടില്ല.

# സ്കൂളിലെ കുട്ടികളുടെ എണ്ണം

| ക്ലാസ് | ആൺ | പെൺ | ആകെ |
|---|---|---|---|
| LkG | 4 | 6 | 10 |
| UKG | 4 | 4 | 8 |
| I | 6 | 7 | 13 |
| II | 1 | 11 | 12 |
| III | 7 | 12 | 19 |
| IV | 8 | 4 | 12 |

# സ്കൂളിലെ അധ്യാപകർ

| | |
|---|---|
| കെ സുമ | ഹെഡ്മിസ്ട്രെസ് |
| ഷാജുല പി | അസി. ടീച്ചർ |
| സൈന എൻ | അറബിക് |
| നിഖില അശോകൻ | അസി. ടീച്ചർ |
| അതുൽ രാജ് | അസി. ടീച്ചർ |
| ബബിത ടി കെ | UKG |
| നിഷിത ആർ കെ | LKG |

മേഖല : അക്കാദമികം
ഉപമേഖല : മലയാളം

ആമുഖം :

പൊതുവായ ജീവിത ഗുണമേന്മ കൊണ്ട് ഇന്ത്യയ്ക്ക് മുഴുവൻ മാതൃകയായ സംസ്ഥാനമാണ് കേരളം. പൊതുവിദ്യാഭ്യാസത്തിന്റെ വ്യാപനം പൊതുജനാരോഗ്യരംഗത്തെ മികവ് എന്നിവയാണ് പ്രധാനമായും കേരളത്തിന്റെ ഈ നേട്ടത്തിന്റെ കാരണം സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയങ്ങളിൽ എത്തിക്കാൻ കഴിഞ്ഞെങ്കിലും എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക എന്നത് കേരളത്തിലെ വിദ്യാഭ്യാസരംഗം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്. 1986ലെ ദേശീയ വിദ്യാഭ്യാസ നയത്തെ തുടർന്ന് ഗുണമേന്മ ലക്ഷ്യം വെച്ചുള്ള വ്യാപകമായ അടിസ്ഥാന സൗകര്യ വികസനവും അധ്യാപക പരിശീലന പരിപാടികളും നടന്നിട്ടുണ്ട്. ഇതോടൊപ്പം പാഠ്യപദ്ധതിയെ ശിശു കേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവും പ്രക്രിയ ബന്ധിതവും ആക്കി കാലോചിതമാക്കുന്നതിനുള്ള പരിശ്രമങ്ങൾ ഉണ്ടായി. ഇതിന്റെ ഫലമായി അറിവിനെ നിർമ്മിക്കുന്ന പ്രക്രിയയാണ് ക്ലാസ് മുറികളിൽ നടക്കേണ്ടതെന്ന് തിരിച്ചറിവുണ്ടായി. എല്ലാ വിഭാഗം കുട്ടികളുടെയും പഠന പുരോഗതി നാം ലക്ഷ്യം വെക്കുന്നു.

ഉള്ളടക്കം:

* സ്കൂളിലെ മുഴുവൻ കുട്ടികളെയും തെറ്റുകൂടാതെ എഴുതാനും വായിക്കാനും ഉള്ള കഴിവ് വളർത്തുക.
* ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ.
* കുട്ടിയെ മികച്ച വായനക്കാരാക്കുക.
* കുട്ടിയെ മികച്ച എഴുത്തുകാരാക്കുക
* ഭാഷാശേഷി വികസിപ്പിക്കുക.
* സർഗാത്മക പ്രവർത്തനങ്ങളിൽ കുട്ടികളുടെ കഴിവ് വർദ്ധിപ്പിക്കുക

മേഖല: അക്കാദമികം
ഉപമേഖല: ഇംഗ്ലീഷ് പഠനം

ആമുഖം:

നമ്മുടെ നിത്യജീവിതത്തിൽ വളരെ പ്രധാനപ്പെട്ട ഒരു ഭാഷയാണ് ഇംഗ്ലീഷ് പ്രീ പ്രൈമറിതലം മുതൽ തന്നെ കുട്ടികളെ ഇംഗ്ലീഷ് പഠിപ്പിക്കുന്നുണ്ടെങ്കിലും ഭാഷയുടെ പ്രയോഗത്തിൽ പല പ്രശ്നങ്ങളും കുട്ടികൾ നേരിടുന്നുണ്ട്. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിപ്പിച്ചാൽ മെച്ചപ്പെട്ട ഇംഗ്ലീഷ് ഭാഷ സ്വന്തമാക്കാനുള്ള രക്ഷിതാക്കളുടെ തെറ്റിദ്ധാരണ വലിയ ഒരു വിഭാഗം കുട്ടികളെ അത്തരം സ്കൂളിലെത്തിച്ചു. പക്ഷേ അത്തരം സ്കൂളുകളിൽ വെറും കാണാപാഠം പഠിക്കലും അമിതഭാരം കുട്ടികളുടെ തലയിൽ കെട്ടിവയ്ക്കലും നടത്തിപ്പുകാർക്ക് അമിത ലാഭം നേടിക്കൊടുക്കലും ആണെന്ന് പൊതുസമൂഹം തിരിച്ചറിഞ്ഞു കൊണ്ടിരിക്കുന്ന ഒരു സമയമാണിത്. മികച്ച ആസൂത്രിത പദ്ധതികളിലൂടെ പൊതുവിദ്യാലയങ്ങളിലെ ഇംഗ്ലീഷ് വിദ്യാഭ്യാസം മെച്ചപ്പെടുത്തേണ്ടത് വളരെ അത്യാവശ്യമാണ്. പാഠപുസ്തകങ്ങളും ഇംഗ്ലീഷ് പത്രവും ഇംഗ്ലീഷ് കഥാപുസ്തകങ്ങളും വായിച്ചു മനസ്സിലാക്കാൻ കുട്ടികൾ പ്രാപ്തരാകേണ്ടതുണ്ട്. നിത്യ ജീവിതത്തിലെയും ക്ലാസ് റൂമിലെയും സംസാരം/ സംഭാഷണം ഇംഗ്ലീഷിൽ കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കേണ്ടതുണ്ടതുണ്ട്. കഥാകവിത തുടങ്ങിയ സർഗ്ഗാത്മക ഇംഗ്ലീഷ് രചനകൾക്ക് കുട്ടികളെ പ്രാപ്തരാക്കേണ്ടതുണ്ട് മികച്ച പ്രവർത്തനങ്ങളിലൂടെ ആസൂത്രണങ്ങളിലൂടെ സ്കൂളിന്റെയും സമൂഹത്തിന്റെയും സഹകരണത്തിലൂടെ നമുക്ക് അതിന് സാധിക്കും.

ലക്ഷ്യങ്ങൾ:
* ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
* അക്ഷരങ്ങൾ പദങ്ങൾ മുതലായവ ആവശ്യാനുസരണം കൃത്യതയോടെയും സൂക്ഷ്മതയോടെയും ഉപയോഗിക്കുന്നതിനുള്ള കഴിവ് ഉണ്ടാക്കുക.
* എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ അനായാസം സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കുക.
* എല്ലാ കുട്ടികളെയും മികച്ച ഇംഗ്ലീഷ് വായനക്കാരൻ ആക്കുക/ എഴുത്തുകാരൻ ആക്കുക.
* ഇംഗ്ലീഷിൽ സർഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ.
* ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ.
* ഇംഗ്ലീഷ് പഠനം ആസ്വാദ്യകരമാക്കൽ

മേഖല : അക്കാദമികം
ഉപമേഖല : ശാസ്ത്ര പഠനം

ആമുഖം :

കുട്ടിയിൽ വികസിച്ചു വരേണ്ട അടിസ്ഥാന പ്രക്രിയ ശേഷികളിൽ പ്രധാനപ്പെട്ട ഒന്നാണ് നിരീക്ഷണ ശേഷി. കുട്ടി തന്നെ ചുറ്റുപാടിലെ വസ്തുക്കൾ ജീവജാലങ്ങൾ സാമൂഹിക പരിസരം എന്നിവയെ കുറിച്ച് തന്റെ ആശയങ്ങൾ രൂപീകരിക്കുന്നത് കാഴ്ച, കേൾവി, സ്പർശം, ഗന്ധം, രുചി തുടങ്ങിയ ഇന്ദ്രിയാനുഭവങ്ങളിലൂടെയാണ്. ശേഖരിച്ച വിവരങ്ങളും വസ്തുക്കളും വ്യത്യസ്ത രീതിയിൽ തരം തിരിക്കാനുള്ള കഴിവ് വികസിപ്പിക്കുകയാണ് ലക്ഷ്യമിടുന്നത്. പരിസര പഠനത്തിൽ ആശയവിനിമയം എന്ന പ്രക്രിയ ശേഷിയിലൂടെ കുട്ടിക്ക് തന്റെ നിരീക്ഷണം, കണ്ടെത്തലുകൾ, നിഗമനങ്ങൾ എന്നിവ ഫലപ്രദമായി അവതരിപ്പിക്കാനുള്ള കഴിവാണ് ലക്ഷ്യമിടുന്നത്. ശേഖരിച്ച് വിവരങ്ങളെ വിശകലനം ചെയ്ത് നിഗമനം രൂപീകരിക്കാനുള്ള കഴിവ് വികസിപ്പിക്കേണ്ടതുണ്ട് കാരണങ്ങൾ യുക്തിസഹമായി വിശദീകരിക്കാനും സാധിക്കണം. കുട്ടിയുടെ ഭാവന അന്വേഷണത്വര എന്നിവ വികസിക്കുന്ന തരത്തിൽ ശാസ്ത്ര കൗതുക പ്രവർത്തനങ്ങൾ ചെയ്യാനും ലഘുപരീക്ഷണങ്ങൾ ചെയ്യാനും അവതരിപ്പിക്കാനും അവസരം ലഭിക്കുന്നു.

ഉള്ളടക്കം:

* ശാസ്ത്രഭിരുചി വളർത്തുക
* നിരീക്ഷണ പാടവം വർദ്ധിപ്പിക്കൽ.
* ശുചിത്വ പരിസരം.
* ഹരിത പരിസരം ഒരുക്കൽ.
* ശാസ്ത്രം പ്രവർത്തനമാണ്.
* ശാസ്ത്ര പുസ്തകങ്ങൾ പരിചയപ്പെടൽ
* ശാസ്ത്ര ലാബ് ഒരുക്കൽ.
* പോഷകാഹാര പരിപാടി.

മേഖല : ആക്കാദമികം
ഉപമേഖല: ഗണിതപഠനം

ആമുഖം :

ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഗണിതശാസ്ത്ര പഠനം വളരെയേറെ സ്വാധീനിക്കുന്നുണ്ട്. ഗണിതാശയങ്ങളിലെ യാന്ത്രികത ഉപേക്ഷിക്കാനും പരമാവധി ജീവിത സാഹചര്യങ്ങളുടെ അകമ്പടിയോടെ ഗണിത പ്രശ്നങ്ങളെ അവതരിപ്പിക്കാൻ സഹായിക്കുന്ന പഠന പ്രവർത്തനങ്ങൾ ആണ് നാം തുടരുന്നതെങ്കിലും എല്ലാ കുട്ടികൾക്കും പാഠ്യ പദ്ധതി നിർദ്ദേശിച്ച ശേഷികൾ നേടാൻ പ്രയാസം അനുഭവപ്പെടുന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഗണിതശാസ്ത്ര പഠനത്തിന്റെ പ്രാധാന്യം ഊന്നൽ നൽകുന്നുണ്ട്. ഗണിത സാധ്യതകൾ ഉപയോഗപ്പെടുത്താതെ ഒരു ദിവസം പോലും കടന്നു പോകുന്നില്ല. ഗണിത പഠനം ഒരു കഠിനമായി കാണുന്ന കാഴ്ചപ്പാട് കുട്ടികളിൽ നിന്നും മാറണം. ഗണിതാശയങ്ങൾ ആസ്വാദ്യകരമാക്കി പഠന പ്രവർത്തനങ്ങൾ രസകരമായും താല്പര്യത്തോടെയും ഇടപെടുന്ന സാഹചര്യങ്ങൾ പഠന പ്രവർത്തനത്തിൽ ഉണ്ടാവേണ്ടതുണ്ട് ഗണിത പഠനത്തിന് ഊന്നൽ നൽകി ഒട്ടേറെ പദ്ധതികൾ വിദ്യാഭ്യാസ വകുപ്പ് തന്നെ മുന്നോട്ടുവയ്ക്കുന്നുണ്ട് ഫലപ്രദമായി കുട്ടികളിൽ എല്ലാം എത്തുന്നുണ്ടോ എന്ന മറു ചോദ്യവും അതിനൊക്കെയുള്ള പരിഹാരമാവും എന്ന് ഉറച്ച വിശ്വാസം തന്നെയാണ് മാസ്റ്റർ പ്ലാൻ മുന്നോട്ട് വെക്കുന്നത്.

ഉള്ളടക്കം :
* ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്ക അവസ്ഥ പരിഹരിക്കൽ
* ഗണിത പഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക
* ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കുട്ടിയെ പ്രാപ്തനാക്കുക
* ഗണിത ലാബ് ഉപയോഗപ്പെടുത്തൽ
* ഗണിത ക്ലബ്ബ് രൂപീകരണം
* ഗണിത പഠനത്തിൽ ഐ.സി.ടി പ്രയോജനപ്പെടുത്തൽ

# ഭാഷ

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥ കളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ.<br><br>2) അമ്മ പറയട്ടെ അമ്മമാർ കുട്ടി കഥകൾ അവതരിപ്പിക്കുന്നു. | സെപ്തംബർ<br>ഒക്ടോബർ<br><br>ജൂലൈ ഡിസംബർ ജനുവരി മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ<br>SRG<br>SMC<br>സ്കൂൾ വികസന സമിതി.<br><br>ക്ലാസ് ടീച്ചർ<br>SRG<br>മദർ പി.ടി.എ. | SMC<br><br>മദർ പി.ടി.എ. |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശ കലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപ ങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പു കൾ<br>2) ലഘുപതി പ്പുകൾ തയ്യാറാ ക്കൽ. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി.ടി.എ<br>സ്റ്റാഫ്. | ടങ്ങള<br>മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയു ണർത്താം | 1) രചനാശില്പ ശാല കഥ, കവിത, രചന കൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അദ്ധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തി കൾ | SRG<br>SMC |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അദ്ധ്യാപകർ SMC | SMC |
| | 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ ഡിസംബർ | അദ്ധ്യാപകർ SMC | SMC |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ ക്ലബ്ബുകൾ | |
| വായനാ പരിപോഷണം | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | വായനശാല SMC SRG | ക്ലബ്ബ് SMC SRG |
| | 2) വായനാക്കളരി | ആഴ്ചയിലാണ് | | |
| | 3) നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്റ്റ് | ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | വായനശാല |

## മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പി ക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളു മായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർ ശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

# പരിസരപഠനം

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീല ങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള-പ്രദർശനം നാടൻ വിഭവങ്ങൾ ഉപ യോഗിച്ചുള്ള പാച കവും രുചി അറിവും | ജൂൺ- ജൂലൈ ആഗസ്ത് | ക്ലാസ് ടീച്ചർ SRG SMC | SMC |
| പ്രകൃതിയെ അറി യുന്നതിനും ആസ്വദിക്കുന്ന തിനും | പുഷ്പോദ്യാനം, ഔഷ ധത്തോട്ടം, ചുറ്റുവട്ട ത്താകെ | ഡിസംബർ ജനുവരി | SRG SMC | |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവ്വേ ക്ലാസുകൾ പോസ്റ്റർ രചനാ മത്സരം അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| പ്രകൃതിയെ അറിയാൻ. | പ്രകൃതി നടത്തം കാഴ്ചബംഗ്ലാവിലേക്ക്. കാണാക്കാഴ്ചകൾ - ഇഇ | സപ്തംബർ ഡിസംബർ | ടീച്ചേർസ്<br>SRG<br>SMC | SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം. കൃഷിയിടത്തിലേക്ക്. നമുക്കും കർഷകരാകാം | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |

മേഖല .		- അക്കാദമികം

ഉപമേഖല		- പരിസരപഠനം

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പു തയ്യാറാക്കൽ. | ജൂൺ<br>ജൂലൈ<br>ആഗസ്ത് | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക്<br>തടയണ, മഴക്കുഴിനിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | | |

## പരിസരപഠനം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താത്പര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ- ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളാ ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസാശര.<br>പതിപ്പ്, ചാർട്ട്,<br>ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | ·PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

# ഗണിതം

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ | ജൂൺ - മാർച്ച് | ടഞഎ | SSA |
| | 2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ് | സപ്തംബർ | ക്ലാസ് ടീച്ചർ | |
| | 3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | മാസത്തിൽ ഒന്ന് വീതം | SRG ക്ലാസ് ടീച്ചർ | |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസ്യതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ)<br><br>ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | ആഴ്ചയിൽ ഒന്ന് വീതം<br><br>മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | SSA |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും. ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | S S A |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | S S A<br>Staff<br>S M C |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും. ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | S S A |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | S S A<br>Staff<br>S M C |

<u>ഗണിതം (Std IV)</u>

| കളിക്കാം..ഗണിക്കാം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്ര ണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ടഞഏ ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം<br>സിനിമാ പ്രദർശനം<br><br>ജിഴഹശവൈ ൦൨്യ ജിഴഹശവൈ മലൈായഹ്യ. | മാസത്തിൽ ഒന്ന്<br><br>ആഴ്ചയിൽ ഒന്ന് | SRG<br><br>Class Teacher | SSA |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസ ത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരി ക്കുവാനുള്ള അവസരമൊരു ക്കൽ | Let's talk…… പ്രതിഭാധനരുമായി സംവദിക്കൽ.<br>English ബാലസഭ.<br>ഇംഗ്ലീഷ് അസംബ്ലി One day English | മൂന്ന് മാസ ത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | SSA |

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

ക്ലാസ് : III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന - ആസ്വാദനത്തിനും ഒരു ശീലമാക്കുന്നതിനും | ക്ലാസ് ലൈബ്രറി വികസനം | ജൂൺ - മാർച്ച് | [illegible] | [illegible] |
| | വാർത്താവായനാ മത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | [illegible] | [illegible] |
| | വായനാക്കുറിപ്പുകൾ | 3 മാസത്തിൽ ഒന്ന് | [illegible] | [illegible] |
| | ബാല പ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ - മാർച്ച് | [illegible] | [illegible] |

## English – Std IV

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറികുറിപ്പായി എഴുതു. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനകളിൽ വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തികൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |